بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*27 April 2012 ~ 05 Jamadul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കെല്ലാം സമാധാനാശംകൾ അർപ്പിച്ച ശേഷം ഹസ്രത്ത് മുഹ്യിദ്ദീൻ മുനീർ അഹ്മദ് അസീം (atba) തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാത്തിഹ എന്നിവ ഓതിയ ശേഷം അദ്ദേഹം തുടർന്നു. അല്ലാഹുവിനാണ് സർവ്വസ്തുതിയും. കഴിഞ്ഞ വെള്ളിയാഴ്ച ഖുത്തുബയുടെ ബാക്കിഭാഗം തുടരുവാനുള്ള സൗഭാഗ്യവും തൗഫീഖും പരമോന്നതനും പരിശുദ്ധനുമായ അല്ലാഹു എനിക്കു നല്കിയിരിക്കുന്നു.

സമയത്തെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തിക്കും പ്രത്യേക പരിഗണന ഒന്നും തന്നെയില്ല. സമയത്തെ വിഭജിച്ച് എല്ലാ മനുഷ്യർക്കും തുല്യമായി നല്കിയിരിക്കുകയാണ്. ചിലർ സമയത്തെ നിയന്ത്രിക്കുകയും, കൈകാര്യം ചെയ്യുകയും, അതിലൂടെ അവർ കൂടുതൽ പ്രയോജനം നേടുകയും ചെയ്യുന്നു. പരമോന്നതനും, പരിശുദ്ധനുമായ അല്ലാഹു സമയത്തെ മൂല്യനിർണ്ണയം നടത്തി തന്റെ ദാസർക്കിടയിൽ, നല്കിയിരിക്കുന്നു. അതായത് ചില സമയങ്ങൾ മറ്റു സമയങ്ങളെക്കാൾ ശ്രേഷ്ടതയുള്ളതാണ്, എന്നും അവ പ്രയോജനപ്പെടുത്തുവാനും ആവശ്യപ്പെട്ടിരിക്കുന്നു.

മതപരമായ പ്രവർത്തനങ്ങളുടെ കാര്യത്തിൽ പരിശുദ്ധനായ അല്ലാഹു ചില പ്രത്യേക സമയങ്ങൾ കൂടുതൽ പ്രതിഫലത്തിനായി നീക്കി വച്ചിരിക്കുന്നു. റംസാൻ മാസം, ദുൽഹജ്ജിലെ ആദ്യത്തെ പത്തു ദിവസങ്ങൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. അതുപോലെ പ്രാർത്ഥനകൾ നിറവേറ്റുന്നതിനുള്ള സമയങ്ങൾ അതായത് ഓരോ ദിവസത്തെയും രാത്രിയിലെ അവസാന1/3 സമയം, എല്ലാ വെള്ളിയാഴ്ചയും ഉച്ചകഴിഞ്ഞുള്ള സമയം, വ്രതം അനുഷ്ഠിക്കുന്നവൻ വ്രതം മുറിക്കുമ്പോഴുള്ള സമയം, റംസാൻ മാസത്തിലെ പരിശുദ്ധ രാത്രി( ലൈലത്തുൽഖദ്ർ) തുടങ്ങിയവ.

എല്ലാ ദിവസവും പ്രഭാതത്തിലും, പ്രദോഷത്തിലും, പ്രഭാതോദയത്തിലും,നിങ്ങളുടെ പരിശുദ്ധമായ മനസ്സിനെ അവനിലേക്കുയർത്തുകയും, ഭൗതികമായും പാരത്രികമായുമുള്ള അനുഗ്രഹങ്ങൾ നേടാവുന്നതുമാണ്. അല്ലാഹുവിന്റെ മുമ്പിൽ സകലതും സമർപ്പിക്കുവാനുള്ള അവസരങ്ങൾ ധാരാളം നിങ്ങളുടെ മുമ്പിലുണ്ട്. പകലുകളിലും രാത്രികളിലും, ധ്യാന നിരതരായിരിക്കുവാനും, ത്യാഗങ്ങൾ അർപ്പിക്കുവാനുമുള്ള അവസരങ്ങൾ നിങ്ങൾക്ക് വിശുദ്ധ ഖുർ ആനിലൂടെയും, പ്രവാചക പ്രഭുവായ മുഹമ്മദ് മുസ്തഫാ(സ)യുടെ അധ്യാപനങ്ങളിലടെയും, ധാരാളമായി ലഭിക്കുന്നതാണ്. ആയതിനാൽ അല്ലാഹുവിനെ സ്മരിക്കുന്നവരോടൊപ്പമായിരിക്കുവാൻ ശ്രമിക്കുക. അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുക. ചിന്താശൂന്യരും, നന്ദികെട്ടവരുമായവരോടൊപ്പം ആയിരിക്കരുത് പ്രവർത്തി ചെയ്യുന്നവരോടൊപ്പമായിരിക്കണം. അലസരായവരോടൊപ്പം ആയിരിക്കരുത് നിങ്ങൾ. നിങ്ങളുടെ സമയത്തെ പ്രവർത്തിയിലൂടെ ആസ്വദിക്കുക. സമയം ഒരു വാളുപോലെയാണ്. പിന്നീടു ചെയ്യാമെന്ന നിലയിൽ അവഗണിച്ചാൽ, വലിയ നഷ്ടം വരുത്തിവയ്ക്കും.വാളുപോലെ ഉപദ്രവകാരിയായത് മറ്റൊന്നില്ല. ആയതിനാൽ സമയത്തെ വാളുപോലെ ജാഗ്രതയോടെ ഉപയോഗപ്പെടുത്തുക. ഭൂമിയിലെ പ്രവർത്തനങ്ങളുടെ, നിലയെക്കുറിച്ച് ചിന്തിച്ചാൽ, മനുഷ്യന്റെ ഭൂമിയിലെ വാസം നന്നാക്കിത്തീർക്കുന്നതിന്, അവന്റെ പ്രയത്നങ്ങൾ അനിവാര്യമാണ് എന്ന് മനസ്സിലാക്കാം. അവരുടെ ജീവിത സാഫല്യത്തിനും വിജയത്തിനും നിദാനമായ ഒരു ഘടകമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നതു കാലേക്കൂട്ടിയുള്ള പ്രവർത്തനങ്ങളാണ്.വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ) പറഞ്ഞു.‘‘അല്ലാഹുവേ; കാലമെത്തും മുമ്പേയുള്ള എന്റെ പ്രാർത്ഥന അതായത്, എന്റെ ജനതയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന അവർക്ക് നീ അനുഗ്രഹം ചൊരിയുകയും, സന്തോഷം പ്രദാനം ചെയ്യു കയും ചെയ്യേണമെ എന്നുള്ളതാണ് ’’. ആയതിനാൽ ഓരോ മുസ്ലിമും കാലേക്കൂട്ടിയുള്ള ഈ പ്രാർത്ഥന നോക്കികാണുകയും, അവരിൽ നിന്ന് കൂടുതൽ, പ്രയത്നം ആവശ്യപ്പെടുകയുമാണ്, കാരണം അതവരുടെ ജീവിതത്തിനും മരണത്തിനും പ്രയോജനകരമായി തീരത്തക്കവിധത്തിൽ ചെലവഴിക്കുവാൻ, അവരെ പ്രാപ്തരാക്കുന്നതാണ്.

സമയം എങ്ങനെ ചെലവഴിക്കണമെന്ന് ഓരോ മുസ്ലിമും നിർബന്ധമായും പദ്ധതി തയാറാക്കേണ്ടതാണ്. കാരണം സമയത്തെ നല്ല നിലയിലും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുവാൻ, പദ്ധതി തയാറാക്കൽ അത്യന്താപേക്ഷിതമാണ്. കഴിഞ്ഞ കാലങ്ങളിലെ മഹാന്മാരായവർ സമയത്തിന്റെ വിലയെപ്പറ്റി

തികച്ചും ബോധവാന്മാരായിരുന്നു. ഹസ്രത്ത് അബൂബക്കർ സിദ്ദീഖ്(റ) മരണശയ്യയിൽ ആയിരുന്നപ്പോൾ അദ്ദേഹം ഉമർ(റ) നെ ഖലീഫാ സ്ഥാനത്തു കാണുകയും താഴെ പറയുന്ന ഉപദേശം കൈമാറുകയുമുണ്ടായി. ''അല്ലാഹുവിന് പകൽ സമയങ്ങളിൽ ചില അവകാശങ്ങൾ ഉണ്ട്. അത് അവൻ രാത്രിയിൽ സ്വീകരിക്കുകയില്ല. അതുപോലെ, അല്ലാഹുവിന് രാത്രിസമയങ്ങളിൽ ചില അവകാശങ്ങളുണ്ട് അത് അവൻ പകൽ സ്വീകരിക്കുകയില്ല. ഏതൊരുവൻ തന്നിൽ നിക്ഷിപ്തമായ പരിശുദ്ധ ഉത്തരവാദിത്വം പൂർത്തിയാക്കുന്നുവോ, അവനിൽ നിന്നുള്ള പുണ്യപ്രവർത്തി മാത്രമേ അവൻ സ്വീകരിക്കുകയുള്ളൂ''.

അബൂബക്കർ സിദ്ദീഖ്(റ) ഉമർ(റ)ന്റെ ചെവികളിൽ അവസാനമായി ഉപദേശിച്ച സാരോപദേശം. അദ്ദേഹത്തിന് ശേഷം ഖിലാഫത്തിന്റെ ഉത്തരവാദിത്വ നിർവ്വഹണത്തിനുള്ള 'ടോർച്ച്' അതായിരുന്നു. ആയതിനാൽ ഉമർ(റ) തന്റെ സമയത്തെ തന്റെ കർത്തവ്യ നിർവ്വഹണത്തിനായി ക്രമപ്പെടുത്തുകയും അതനുസരിച്ച് പ്രവർത്തിക്കയുമുണ്ടായി. പ്രാധാന്യത്തിന്റെ ക്രമമനുസരിച്ച് ജോലികൾ ക്രമീകരിക്കുകയും അതു പൂർത്തിയാക്കുന്നതിൽ കൃത്യനിഷ്ട പാലിക്കുകയും, നിശ്ചിത സമയത്തിനുള്ളിൽ ഏറ്റെടുത്ത കാര്യങ്ങൾ പൂർത്തീകരിക്കുവാനും സാധിക്കുകയുണ്ടായി. നിർബന്ധമായും ചെയ്യേണ്ട കാര്യങ്ങൾ (ഫർസ് ആയ കാര്യങ്ങൾ) ആദ്യം ചെയ്യുകയും, അതിനുശേഷം നിർബന്ധമല്ലാത്ത പുണ്യ പ്രവർത്തികളിൽ (സുന്നത്തായ കാര്യങ്ങളിൽ) ഏർപ്പെടുകയും ചെയ്യേണ്ടതാണ്. മറ്റു കാര്യങ്ങളിലും(ഭൗതിക കാര്യങ്ങളിലും) ഇതു തന്നെയാണ് അനുവർത്തിക്കേണ്ടത്.

അബൂബക്കർ സിദ്ദീഖ്(റ) തന്റെ വഫാത്തിനു തൊട്ടു മുമ്പ് തന്റെ മുസ്ലിം സഹോദരങ്ങൾക്ക് നല്കിയ സന്ദേശം ഇതു തന്നെയായിരുന്നു. അതായത് തങ്ങളുടെ വിലപ്പെട്ട സമയത്തെ നല്ല നിലയിൽ ചൂഷണം ചെയ്യുക, കാരണം സമയത്തിന്റെ പ്രാധാന്യവും അവയെ ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം വളരെ നല്ല നിലയിൽ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് തന്റെ അന്ത്യാഭിലാഷമെന്ന നിലയിൽ സമയത്തെ വേണ്ടപോലെ ഉപയോഗപ്പെടുത്തുവാൻ അദ്ദേഹം മുസ്ലിം സമൂഹത്തെ ഉപദേശിച്ചത്. ഇത് വളരെ വിലപ്പെട്ട ഒരു നിയമമാണ്. അതിനെ നമുക്ക് ഒറ്റവാക്കിൽ ഇങ്ങനെ സംഹരിക്കാം. ''മനുഷ്യൻ എന്തെങ്കിലും കാര്യം എപ്പോഴെങ്കിലും പൂർത്തിയാക്കുന്നതിൽ ഒരു പ്രാധാന്യവുമില്ല. എന്നാൽ ഉചിതമായ ഒരു പ്രവർത്തി ഉചിതമായ സമയത്ത് പൂർത്തിയാക്കുന്നതിലാണ് കാര്യം''.

നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തികൾ ചെയ്യുവാനും വാഗ്ദാനങ്ങൾ പൂർത്തീകരിക്കുവാനും ഇസ്ലാം പ്രോത്സാഹനം ചെയ്യുന്നു. അല്ലാഹു(ത) വിശ്വാസികളെ ഇപ്രകാരം അഭിനന്ദിക്കുന്നു. ''അവർ തങ്ങളുടെ അമാനത്തുകളിൽ ജാഗ്രതയുള്ളവരും, തങ്ങളുടെ വാഗ്ദാനങ്ങൾ പൂർത്തീകരിക്കുന്നവരുമാണ് ''. മൂസാ(അ) യെപ്പറ്റി അവൻ(അല്ലാഹു) പറഞ്ഞു. ''അങ്ങനെ നീ വന്നു, ഹേമൂസാ; നിശ്ചിത വിധി പ്രകാരമുള്ള സമയത്ത് '' അതായത് നിശ്ചിത സമയത്ത് നിശ്ചിത പ്രവർത്തിക്കായി എത്തിയിരിക്കുന്നു എന്ന് സാരം. ഈ വചനത്തിന്റെ സാരം നാം വിധിച്ച സമയത്ത്, നീ എത്തിയിരിക്കുന്നു. അതായത് ഫറോവയുടെ അടുക്കൽ ഒരു ദൂതനായി അയയ്ക്കുവാൻ നാം ആഗ്രഹിച്ച സമയത്ത് നീ എത്തി.

പരിശുദ്ധ പ്രവാചകൻ (സ) വാഗ്ദാനലംഘനത്തെക്കുറിച്ച് മുന്നറിയിപ്പ് നല്കിയിരിക്കുന്നു. കപടവിശ്വാസത്തിന്റെ ലക്ഷണമായാണ് വാഗ്ദാനലംഘനത്തെ കണക്കാക്കുന്നത്. നബി(സ) പറഞ്ഞു. കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു. സംസാരിച്ചാൽ കള്ളം പറയുക; വാഗ്ദാനം ചെയ്താൽ ലംഘിക്കുക; വിശ്വസിച്ചാൽ ചതിക്കുക. മറ്റുള്ളവരുമായി ബന്ധപ്പെടുന്ന ഈ കാര്യങ്ങളിൽ വിശ്വസ്തത പുലർത്താത്തതുമൂലം അവരെ ഉപദ്രവിക്കുകയാണ് ചെയ്യുന്നത്. അവരുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുന്നു; വിശ്വസിച്ചതിന്റെ പേരിൽ മറ്റുള്ളവർക്കുണ്ടാകുന്ന സമയനഷ്ടത്തെക്കുറിച്ച് ഇവർ അശേഷം ബോധവാന്മാരല്ല.

സമയം നഷ്ടപ്പെടുത്തുന്നതിനെതിരിൽ ഇസ്ലാം മുന്നറിയിപ്പ് നല്കുന്നു. ഒരു മുസ്ലിമിന്റെ സമയം സംരക്ഷിക്കുവാൻ ഇസ്ലാം ചില തത്വങ്ങൾ നിഷ്ക്കർഷിക്കുന്നു. ഒരു മുസ്ലിം മറ്റൊരാളെ സന്ദർശിക്കുന്നതിന് അനുവാദം ആവശ്യപ്പെടേണ്ടതാണ്. അനുവാദമില്ലാതെ ഒരു മുസ്ലിം മറ്റൊരാളുടെ വീട്ടിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നില്ല. ഇതു സംബന്ധമായി മുഹമ്മദ്(സ) പറഞ്ഞു. ''നിങ്ങൾ മൂന്നു പ്രാവശ്യം അനുവാദം ചോദിക്കുക.(വാതിലിൽ മൂന്നു പ്രാവശ്യം തട്ടുക) അതേതുടർന്ന് അവർ അനുവാദം നല്കിയാൽ പ്രവേശിക്കുക അല്ലാത്ത പക്ഷം മടങ്ങിപോവുക''. അല്ലാഹു പറഞ്ഞു. വിശ്വാസികളെ നിങ്ങളുടെതല്ലാത്ത വീടുകളിൽ, അവരോട് സലാം പറയാതെയും അനുവാദമില്ലാതെയും പ്രവേശിക്കരുത്, അതാണ് നിങ്ങൾക്കുത്തമമായിട്ടുള്ളത്. നിങ്ങളെ ഓർമ്മപ്പെടുത്തുകയാണ്. അവിടെ നിങ്ങൾ ആരെയും കണ്ടില്ലെങ്കിൽ നിങ്ങൾക്ക് അനുവാദം കിട്ടുന്നതുവരെയും അവിടെ പ്രവേശിക്കരുത്. ഇനി നിങ്ങളോട് പറയപ്പെട്ടാൽ മടങ്ങിപ്പോകൂ. നിങ്ങൾ മടങ്ങുന്നതാണ് ഉത്തമമായിട്ടുള്ളത്. നിങ്ങൾ ചെയ്യുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്. ഈ നടപടി ക്രമങ്ങളെല്ലാം ഒരു മുസ്ലിംമിന്റെ സമയത്തെ സംരക്ഷിക്കുന്നതിനും, സമയം നഷ്ടപ്പെടാതിരിക്കുവാനും വേണ്ടിയാണ്.

ആവശ്യമില്ലാത്ത സന്ദർശനവും അനുവാദമില്ലാത്ത കണ്ടുമുട്ടലും സമയം നഷ്ടപ്പെടുത്തലാണ്.

കളികളിലൂടെ സമയം നഷ്ടപ്പെടുന്നതിൽപ്പെട്ടതാണ്; നല്ല പ്രവർത്തികൾ ചെയ്യുന്നത് മാറ്റിവയ്ക്കുക; വാഗ്ദാനലംഘനം നടത്തുക(അഥവാ വാഗ്ദാനം ചെയ്താൽ പൂർത്തിയാക്കുവാൻ വളരെയധികം സമയം എടുക്കുക) തുടങ്ങിയവ, പ്രവർത്തി ചെയ്യുന്നതിന് തടസ്സങ്ങളായി തീരുന്നു. അമിത പ്രതീക്ഷ അലസതയിലേക്ക് നയിക്കുന്നു. അലസത നമ്മെ കാര്യങ്ങൾ ചെയ്യുന്നത് നീട്ടിവെപ്പിക്കുന്നു. ഇത് കളിയിലേക്ക് നമ്മെ തിരിക്കുന്നു; തുടർന്ന് നിഷ്ക്രിയത്വത്തിലേക്കും; അതേതുടർന്ന് ശാരീരിക നിഷ്ക്രിയത്വത്തിലേക്കും, അതേതുടർന്ന് പരമ നിഷ്ക്രിയത്വത്തിലേക്ക് (ഒടുവിൽ അവർ ഒരു പ്രവർത്തിയും ചെയ്യാതെ ഇരിക്കുന്നത് സന്തോഷമായിത്തീരുന്ന അവസ്ഥയിലെത്തുന്നു.)

അല്ലയോ; ആദം സന്തതികളെ പിന്നെ ചെയ്യാം എന്ന അവസ്ഥയിൽ നിന്നും മുക്തരാവുക; എന്തുകൊണ്ടെന്നാൽ നിങ്ങൾ ഇന്നു മാത്രമാണ് ജീവിക്കുന്നത്; നാളെ നിങ്ങൾ ജീവിക്കുന്നില്ല. ആയതിനാൽ നിങ്ങൾ നാളെ ആയിരിക്കുമ്പോൾ; നിങ്ങൾ ഇന്നായിരിക്കുന്നപോലെ പ്രവർത്തിക്കുക.അങ്ങനെ നിങ്ങൾക്ക് നാളെ അല്ലെങ്കിൽ ;നിങ്ങൾ ഇന്നു ഒരു കാര്യത്തിലും ഖേദിക്കേണ്ടി വരില്ല. ഈ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പ് ഒരു വാക്ക് ''ഒരുവൻ ഇന്നലെ പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ, അനുഭവിച്ചതുപോലെ ഇന്നും അനുഭവിക്കുകയാണെങ്കിൽ; ഇന്നലത്തേക്കാൾ അവന്റെ ജീവിതം ഇന്ന് മോശമാണെങ്കിൽ, അവൻ ശപിക്കപ്പെട്ടവനാണ്''.

ആയതിനാൽ എന്റെ സഹോദരീ, സഹോദരന്മാരെ, മനസ്സിലാക്കുക. പ്രവർത്തി ചെയ്യുവാനുള്ള സമയം പിന്നിലേക്കായിക്കൊണ്ടിരിക്കുന്നു. അതൊരിക്കലും മടങ്ങിവരില്ല, ഈ ലോകം പ്രവർത്തനങ്ങളുടെ രംഗമാണ് നല്കുന്നത്; കണക്കുകളുടേതല്ല. പാരത്രികലോകമാണ് കണക്കുകളുടെ സ്ഥലം; അവിടം പ്രവർത്തനത്തിന്റേതുമല്ല. അല്ലാഹു(ത) നമുക്ക് ധൈര്യവും, ആരോഗ്യവും. അറിവും, ഈ ഖുത്തുബ നല്ല നിലയിൽ ഗ്രഹിക്കുവാനുള്ള കഴിവും നല്കി അനുഗ്രഹിക്കട്ടെ, അതോടൊപ്പം അടുത്ത വെള്ളിയാഴ്ച ഇതേ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ നല്കുവാനുള്ളതും തൗഫീഖ് എനിക്ക് നല്കുമാറാകട്ടെ; ഇൻഷാ അല്ലാഹ്–ആമീൻ.

*Translated by:* *R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Email: jamal.raother@gmail.com*
*Website: http://www.jamaat-ul-sahih-al-islam.com*